"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - ശ്രീ.ബിജു റ്റി ബേബി, പവർകെയർ ഇലക്ട്രിക്കൽ, ജനറേറ്ററിന്റെ ഇൻസ്പെക്ഷൻ ഫീ ഇനത്തിൽ "0043-00-102-99-00- fees Indian Electricity Rules' ശീർഷകത്തിൽ തെറ്റായി ഒടുക്കിയ 1,50,01,500/- രൂപ പ്രസ്തുത ശീർഷകത്തിൽ നിന്നുതന്നെ റീഫണ്ട് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.65/2025/POWER തീയതി,തിരുവനന്തപുരം, 28-03-2025

---

പരാമർശം:- 1. ശ്രീ.ബിജു റ്റി ബേബിയുടെ 20.02.2025 തീയതിയിലെ അപേക്ഷ.

2. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 28.02.2025, 25.03.2025 തീയതികളിലെ സി.ഇ.ഐ./729/2025-എച്ച്2 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ശ്രീ.ബിജു റ്റി ബേബി, ഹോട്ടൽ ക്രൗൺ പ്ലാസ, കൊച്ചി എന്ന സ്ഥാപനത്തിലെ വൈദ്യുതീകരണ ജോലിയുമായി ബന്ധപ്പെട്ട് താൽക്കാലിക ജനറേറ്ററിന്റെ ഇൻസ്പെക്ഷൻ ഫീയായി "0043-00-102-99-00- fees Indian Electricity Rules എന്ന ശീർഷകത്തിൽ ഒടുക്കേണ്ട 1500/- രൂപയ്ക്ക് പകരം ടൈപ്പിങ്ങ് പിഴവ് മൂലം 1,50,01,500/- രൂപ 20.02.2025 തീയതിയിലെ KL037736593202425E നമ്പർ ചലാനിലൂടെ ഒടുക്കിയെന്നും ടി തുക റീഫണ്ട് ചെയ്തുനൽകണമെന്നും ആവശ്യപ്പെട്ട് ടിയാൻ എറണാകുളം ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ അപേക്ഷ സമർപ്പിച്ചു. പ്രസ്തുത അപേക്ഷയിന്മേൽ തുടർ നടപടികൾ സ്വീകരിക്കാൻ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ ബിജു റ്റി. ബേബി ജനറേറ്ററിന്റെ ഇൻസ്പെക്ഷൻ ഫീ ഇനത്തിൽ "0043-00-102-99-00- fees Indian Electricity Rules' ശീർഷകത്തിൽ തെറ്റായി ഒടുക്കിയ 1,50,01,500/- രൂപ പ്രസ്തുത ശീർഷകത്തിൽ നിന്നു തന്നെ റീഫണ്ട് ചെയ്തു നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ടി തുക ഡെബിറ്റ് ചെയ്യപ്പെട്ട പവർ കെയർ ഇലക്ട്രിക്കൽസ്-ന്റെ അക്കൗണ്ടിൽ (Current Account No.67211113214, State Bank of India, MOSCMH Kolenchery, IFSC-SBIN0070498) ക്രെഡിറ്റ് ചെയ്ത് നൽകാവുന്നതാണ്.

3. ടി റീഫണ്ട് വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാനായി എറണാകുളം ജില്ലാ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ

കാര്യാലയത്തിലെ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.സന്തോഷ് കെ.ടി-യെ **(DDO Code - 1110190001)** യെ ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**4.** ട്രഷറി ആപ്ലിക്കേഷനിലെ 'റീ-ഫണ്ടു മാസ്റ്ററിൽ' ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത തുക ഒടുക്കൽ സംബന്ധിച്ച വിശദാംശങ്ങൾ ട്രഷറിയിൽ സമർപ്പിക്കാൻ വേണ്ട നടപടികൾ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
അണ്ടർ സെക്രട്ടറി

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, എറണാകുളം.
ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം, എറണാകുളം.
ശ്രീ.ബിജു റ്റി ബേബി, പവർകെയർ ഇലക്ട്രിക്കൽ, തട്ടത്തുകുടിയിൽ ബിൽഡിംഗ്, കറുകപ്പിള്ളി (പി.ഒ.), കോലഞ്ചേരി - **682311**, എറണാകുളം. ഫോൺ **9947553319.**
ധനകാര്യ (ഐ & പി.ഡബ്ല്യു.എ) വകുപ്പ് (**15.03.2025** തീയതിയിലെ ഐ & പി.ഡബ്ല്യു.എ**2/127/2025**-ധന. പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sreesha K P
സെക്ഷൻ ഓഫീസർ
Date: 29-03-2025 11:10:29